**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- തസ്വഭവ - ശുചിത്വ മിഷൻ - ആധുനിക വാതക ശ്മശാനം സ്ഥാപിക്കലും പ്രവൃത്തി പരിപാലനവും നടത്തുന്നതിന് – **Keeral Safe Industrial Equipment Pvt. Ltd.** എന്ന സ്ഥാപനത്തിന് അംഗീകാരം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. 13.08.2018-ൽ കൂടിയ 29-ാമത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 14-ാം നമ്പർ തീരുമാനം

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04-01-2022 തീയതിയിലെ 2241/സി1/2019/എസ്.എം നമ്പർ നടപടിക്രമം.

3. **Keeral Safe Industrial Equipment Pvt. Ltd.** എന്ന സ്ഥാപനത്തിന്റെ അപേക്ഷ.

4. 30-10-2024 തീയതിയിൽ ശുചിത്വ മിഷനിൽ വച്ച് കൂടിയ സാങ്കേതിക സമിതിയുടെ തീരുമാനം.

നമ്പർ: **SM/987/2024-C4** തീയതി: 15-11-2024

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതകശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ, അനുബന്ധ പ്രവൃത്തികൾ, പ്രവൃത്തി പരിപാലനം നടത്തുന്നതിന് ശുചിത്വ മിഷൻറെ അംഗീകൃത സേവനദാതാവായി പരാമർശം (2) പ്രകാരം തെരഞ്ഞെടുത്തിരുന്ന **Keeral Safe Industrial Equipment Pvt. Ltd.** എന്ന ഏജൻസിയുടെ സേവന കാലാവധി 2024 മാർച്ച് 31 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ സേവന കാലാവധി പുതുക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ടി ഏജൻസി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 14-ാം നമ്പർ തീരുമാനം പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെടുന്ന സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എംപാനൽമെന്റ് കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച ക്രിമറ്റോറിയങ്ങളുടെ വിശദാംശങ്ങൾ പ്രസ്തുത ഏജൻസി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ടി ഏജൻസി മുഖാന്തിരം സ്ഥാപിച്ചിട്ടുള്ള ക്രിമറ്റോറിയങ്ങളുടെ നിലവിലെ സ്ഥിതി, ഗുണ നിലവാരം, ശുചിത്വ മിഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നെല്ലാം വിലയിരുത്തിക്കൊണ്ട് ജില്ലാ മിഷനുകളിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുകയുണ്ടായി. പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ച അപേക്ഷയും, ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിന്റെ കാലാവധി 2024 മാർച്ച് 31 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിലും ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും പരാമർശം (4) തീരുമാനത്തിന് വിധേയമായി **Keeral Safe Industrial Equipment Pvt. Ltd., Paduvapuram P.O, Maragdom Karutty,**

**Angamaly, Ernakulam-673576, Ph: 9746421781, 0484 2966781, keeralcrm@gmail.com** എന്ന ഏജൻസിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ശുചിത്വ മിഷൻ/സർക്കാർ അംഗീകൃത സ്പെസിഫിക്കേഷൻ (ഉള്ളടക്കം ചെയ്യുന്നു) പ്രകാരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കലും, അനുബന്ധ പ്രവൃത്തി നടപ്പാക്കലും, പ്രവൃത്തി പരിപാലനവും നടത്തുന്നതിന് ശുചിത്വ മിഷൻറെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക്** ആയിരിക്കും.

<u>**നിബന്ധനകൾ**</u>

1. സേവനദാതാവിന്റെ കാലാവധി **ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക്** ആയിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. ശുചിത്വ മിഷൻറെ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരം മാത്രമേ പ്രവൃത്തി നിർവ്വഹണം നടത്തുവാൻ പാടുള്ളൂ. അംഗീകൃത സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളതായി ശുചിത്വ മിഷന് ബോധ്യപ്പെട്ടാൽ പ്രസ്തുത ഏജൻസിയുടെ അംഗീകാരം റദ്ദ് ചെയ്യുന്നതാണ്.
3. സേവനദാതാവ് സേവനകാലാവധി പുതുക്കുന്നതിലേക്ക് എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിൻറെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെൻറിൻറെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി ഏജൻസിയുടെ സേവന കാലാവധി തുടർ വർഷങ്ങളിൽ പുതുക്കി നൽകുന്നതായിരിക്കില്ല.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതും, പ്രൊക്യൂർമെൻറ് റൂൾസിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ച്കൊണ്ടു മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കുകയും പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കുവാനും പാടുള്ളൂ.
5. സേവനദാതാവ് ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കാൻ പാടുള്ളൂ.
6. ക്രിമറ്റോറിയം ഫർണസ്, ചിമ്മിനി, അനുബന്ധഘടകങ്ങൾ എന്നിവ സ്ഥാപിക്കുമ്പോൾ ആയതുമായി ബന്ധപ്പെട്ട സിവിൽ പ്രവർത്തികൾ (ഉദാ: ക്രിമേറ്റർ ഫർണസ് ഫൗണ്ടേഷൻ, ചിമ്മിനി ഫൗണ്ടേഷൻ, വായു ശുദ്ധീകരണ ടാങ്കുകൾ മുതലായവ) ടി ഏജൻസികൾ തന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.
7. സേവനദാതാവ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
8. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുവേണം സേവനദാതാവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
9. കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന സ്റ്റാൻഡേർഡ്സ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറൻറി നിബന്ധനകൾ എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണ്.

10. സേവനദാതാവിനെക്കുറിച്ച് ഏന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
11. സേവനദാതാവ് വാറണ്ടി (കുറഞ്ഞത് 5 വർഷം) കാലയളവിനുള്ളിൽ, മൂന്നുമാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും അവർ സ്ഥാപിക്കുന്ന സംവിധാനങ്ങൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.
12. സേവനദാതാവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്നപക്ഷം സേവനദാതാവ് അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച് നിർബന്ധമായും ടി പ്ലാൻറിൻറെ തുടർ പ്രവൃത്തി പരിപാലനം കുറഞ്ഞത് 1 0 വർഷമെങ്കിലും ഏറ്റെടുത്ത് (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) നടത്തേണ്ടതാണ്.
13. 1 0 വർ ഷം O & M ഏറ്റെടുത്ത് നടപ്പാക്കിയതിനു ശേഷം വീണ്ടും തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / ബന്ധപ്പെട്ട സ്ഥാപനം ആവശ്യപ്പെടുന്നുണ്ടെങ്കിൽ തുടർന്നും സേവനദാതാവ് നേരിട്ട് O&M നടപ്പാക്കേണ്ടതാണ്.
14. സേവനദാതാവ് ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്റ്റിൻറെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിൻറെ പകർപ്പ് (വർക്ക് ഓർഡർ), പ്രോജക്റ്റ് ലൊക്കേഷൻ, വാറന്റി പിരീയഡ്, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്നപക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.
15. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻ ഡേർഡ്സ് ആൻറ് സ്പെസിഫിക്കേഷൻസ് നിർബന്ധമായും എല്ലാ സേവനദാതാ ക്കളും പാലിക്കേണ്ടതാണ്. അതോടൊപ്പം നിയമപരമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പദ്ധതിക്ക് ലഭ്യമാക്കേണ്ട അനുമതി ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം പ്രവർത്തി ഏറ്റെടുക്കാവുന്നതാണ്. ഇതു കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, കേരള പഞ്ചായത്ത് രാജ് (ബറിയൽ & ബർണിങ്ങ് ഗ്രൗണ്ട്സ്) റൂൾ സ് 1998 -ൽ അനുശാസിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.
16. സേവനദാതാവ് മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

Sd/-

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ്

**Keeral Safe Industrial Equipment Pvt. Ltd.**
Paduvapuram P.O, Maragdom Karutty,
Angamaly, Ernakulam -673576
Ph: 9746421781, 0484 2966781

E-mail: keeralcrm@gmail.com

പകർപ്പ്

1.പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (അറിവിലേയ്ക്ക്)

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

3, എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

4. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന )

5. വെബ്സൈറ്റ്, ഓഫീസ് കോപ്പി